## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 256** **07-10-2024 - ൽ മറുപടിയ്ക്ക്**

## മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അപേക്ഷകൾ തീർപ്പാക്കുന്നതിലെ കാലതാമസം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ നിന്നും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരിശോധനക്കും സാക്ഷ്യപ്പെടുത്തലിനുമായി വരുന്ന ജീവനക്കാരുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അപേക്ഷകൾ തീർപ്പാക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ വിവിധ വകുപ്പുകളിലെ സർക്കാർ ജീവനക്കാരുടെ ഒരു ലക്ഷത്തിന് മുകളിലുള്ള സ്വകാര്യ ആശുപത്രി ബില്ലുകളിലും രണ്ട് ലക്ഷത്തിന് മുകളിലുള്ള സർക്കാർ ആശുപത്രി ബില്ലുകളിലുമാണ് ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയ തുക കണക്കാക്കി നൽകേണ്ടത്. നിലവിൽ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ബില്ലുകൾ പരിശോധിക്കുന്നതിന് ആറ് വിഭാഗങ്ങളിലായി 6 ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തുന്നു. ഓരോ വിഭാഗത്തിലും ബില്ലുകൾ ലഭ്യമാകുന്ന മുറക്ക് നടപടിക്രമങ്ങൾ പാലിച്ച് തീർപ്പ് കൽപിച്ചു വരുന്നു. |
| (ബി) | ഇതിനായി എത്ര സെക്ഷനുകൾ ഡയറക്ടറേറ്റിൽ ഉണ്ടെന്നും എത്ര ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തുന്നുവെന്നും വിശദമാക്കുമോ; ഇവ ജില്ലാടിസ്ഥാനത്തിലാണോ തരം തിരിച്ച് തീർപ്പാക്കുന്നതെന്നും ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിനായി വേണ്ടി വരുന്ന ശരാശരി സമയം എത്രയെന്നും വെളിപ്പെടുത്താമോ; | (ബി) | ഇതിനായി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് വിഭാഗത്തിൽ ആറ് ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തുന്നു. അപേക്ഷകരുടെ പേരിന്റെ അക്ഷരമാലാ ക്രമത്തിലാണ് ഓരോ സീറ്റിലും അപേക്ഷകൾ തരംതിരിച്ച് നടപടി സ്വീകരിക്കുന്നത്.<br><br>സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലെയും സർക്കാർ ജീവനക്കാരുടെ ഒരു ലക്ഷത്തിന് മുകളിലുള്ള മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അപേക്ഷകളാണ് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും വെരിഫൈ ചെയ്തു നൽകിവരുന്നത്. അതോടൊപ്പം സർക്കാർ അംഗീകൃത പ്രൈവറ്റ് ആശുപത്രികളിൽ ചെലവാകുന്ന ഒരു ലക്ഷത്തിന് മുകളിലുള്ള എല്ലാ ബില്ലുകളുടേയും അനുവദനീയ തുകയും കൂടി ആരോഗ്യ വകുപ്പ് ഡയറക്ടർ കണക്കാക്കി വരുന്നു. ഓരോ അപേക്ഷയും തീർപ്പാക്കുന്നതിനുള്ള ശരാശരി സമയം അപേക്ഷകർ സമർപ്പിച്ചിട്ടുള്ള ചികിൽസയ്ക്ക് ചെലവായ തുകയെ അടിസ്ഥാനമാക്കിയിരിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത അപേക്ഷകൾ തീർപ്പാക്കുന്നതിന് ഒരു വർഷത്തിലധികം സമയമെടുക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന് ആധാരമായ സാഹചര്യം വിശദമാക്കുമോ; നിലവിൽ എന്നുവരെ ലഭിച്ച അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ടെന്ന വിവരം ജില്ലാടിസ്ഥാനത്തിൽ നൽകാമോ; | (സി) | ഉണ്ട്. സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലെയും സർക്കാർ ജീവനക്കാരുടെ ഒരു ലക്ഷത്തിൽ കൂടുതലുള്ള മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അപേക്ഷകളാണ് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരിശോധനയ്ക്കായി ലഭ്യമായിക്കൊണ്ടിരിക്കുന്നത്. തപാലുകളുടെ ബാഹുല്യത്താലാണ് ബില്ലുകൾ തീർപ്പാക്കുന്നതിന് കാലതാമസം നേരിടുന്നതെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. 2023 നവംബർ മുതൽ ലഭ്യമായ തപാലുകളിൽ 90% വരെ തീർപ്പാക്കാൻ സാധിച്ചിട്ടുള്ളതായും അതിന് മുൻപുള്ള എല്ലാ അപേക്ഷകളിലും നടപടി പൂർത്തീകരിച്ചിട്ടുള്ളതായും ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. അപേക്ഷകന്റെ പേരിന്റെ ആദ്യാക്ഷര ക്രമത്തിലാണ് തപാലുകൾ തരം തിരിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നടപടി സ്വീകരിച്ച് വരുന്നത്. |
| (ഡി) | പ്രസ്തുത അപേക്ഷകൾ തീർപ്പാക്കുന്നതിൽ വലിയ കാലതാമസം വരുന്നതു കാരണം ചികിത്സക്കു വിധേയരായ ജീവനക്കാരും ആശ്രിതരും നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി സമയബന്ധിതമായി മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അപേക്ഷകൾ തീർപ്പാക്കുന്നതിന് വേണ്ട സംവിധാനം ഏർപ്പെടുത്താമോ? | (ഡി) | സമയബന്ധിതമായി മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അപേക്ഷകൾ തീർപ്പാക്കുന്നതിലേയ്ക്കായി ആരോഗ്യ വകുപ്പ ഡയറക്ടറേറ്റിൽ ഫയൽ അദാലത്തുകൾ നടത്തി വരുന്നു. അതോടൊപ്പം അനുവദനീയതുക കണക്കാക്കുന്നതുൾപ്പെടെയുള്ള ധന പരിധി പുനഃനിശ്ചയിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ